**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 808** **24-06-2026-ൽ മറുപടിയ്ക്ക്**

## <u>കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ കുടിവെള്ള പദ്ധതി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലെ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** **<u>കോട്ടക്കൽ നഗരസഭ</u>**

- അമൃത് 2.0 പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ നഗരസഭയിൽ പുതിയ വിതരണ ശൃംഖല, ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകൽ, പഴയ AC പൈപ്പുകൾ മാറ്റി DI പൈപ്പുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കായി ആകെ **16.529 കോടി രൂപയുടെ** (Capex - 15.739 കോടി രൂപ, O&M - 0.79 കോടി രൂപ) ഭരണാനുമതി 22/11/2024-ന് നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 04.11.2025-ന് കരാറുകാരന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. കരാറുകാരൻ പൈപ്പുകൾ സപ്ലൈ ചെയ്ത് പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

ഇതുകൂടാതെ 5.25 കോടി രൂപയും 2.53 കോടി രൂപയും പൈപ്പ്ലൈൻ സ്ഥാപിച്ച് കണക്ഷൻ നൽകുന്ന രണ്ട് പ്രവൃത്തികൾക്കുകൂടി അമൃത് 2.0 SWAP-3 ബഫർ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>വളാഞ്ചേരി നഗരസഭ</u>**

- വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്ന തിനായി 26 കോടി രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്.

**(ബി)** പ്രസ്തുത വിഷയത്തിൽ ഭരണാനുമതി ലഭ്യമായ പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ശേഷിക്കുന്നവയ്ക്ക് ഭരണാനുമതി അനുവദിക്കുവാൻ നടപടി സ്വികരിക്കാമോ?

**<u>മറുപടി:</u>** **<u>കോട്ടക്കൽ നഗരസഭ</u>**

അമൃത് 2.0 കോട്ടക്കൽ നഗരസഭയിൽ പുതിയ വിതരണ ശൃംഖല, ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകൽ, പഴയ AC പൈപ്പുകൾ മാറ്റി DI പൈപ്പുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്കായി ആകെ 16.529 കോടി രൂപയുടെ ഭരണാനുമതി 22/11/2024-ന് നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 04.11.2025-ന് കരാറുകാരന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുള്ളതും കരാറുകാരൻ പൈപ്പുകൾ സപ്ലൈ ചെയ്തിട്ടുള്ളതുമാണ്. നിലവിൽ 10% പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

5.25 കോടി രൂപയ്ക്കും 2.53 കോടി രൂപയ്ക്കും പൈപ്പ് ലൈൻ സ്ഥാപിച്ച് കണക്ഷൻ നൽകുന്ന പ്രൊപ്പോസലുകൾ അമൃത് 2.0 SWAP-3 ബഫർ ലിസ്റ്റിൽ Priority No. 6, 7 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഭരണാനുമതി ലഭിച്ച പ്രൊപ്പോസലുകളിൽ നിന്ന് സേവിങ്സ് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്കും ഭരണാനുമതി നൽകുന്നതാണ്.

**<u>വളാഞ്ചേരി നഗരസഭ</u>**

വളാഞ്ചേരി നഗരസഭയുടെ കൗൺസിൽ റെസല്യൂഷൻ ലഭിക്കുന്ന മുറയ്ക്കും, അമൃത് പദ്ധതിയിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായും ആയിരിക്കും ടി നഗരസഭയുടെ 26 കോടി രൂപയുടെ പ്രൊപ്പോസലിന് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് മുഖേന ഭരണാനുമതി ലഭ്യമാകുക.

**സെക്ഷൻ ഓഫീസർ**